**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1680** **11-09-2023 - ൽ മറുപടിയ്ക്ക്**

**ഹൗസിംഗ് ബോർഡിന്റെ കൈവശമുള്ള ഭൂമിയിൽ ഭവന സമുച്ചയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ചങ്ങനാശ്ശേരി ടൗണിൽ ഹൗസിംഗ് ബോർഡിന്റെ കൈവശമുള്ള ഭൂമിയിൽ ഭവന സമുച്ചയം നിർമ്മിക്കുന്നതിന് 29.02.2016-ലെ ജി.ഒ.(എം.എസ്.) നമ്പർ.17/2016/എച്ച്.എസ്.ജി. പ്രകാരം സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് അനുമതി ലഭ്യമായെങ്കിലും നാളിതുവരെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി ടൗണിൽ ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ 14 നിലകളുള്ള 11112.56 ച.മീ. വിസ്തീർണ്ണമുള്ള 72 ഫ്ലാറ്റുകൾ അടങ്ങുന്ന ഒരു റെസിഡൻഷ്യൽ അപ്പാർട്ട്മെന്റ് പാരസ്പര്യ പദ്ധതിയായി നിർമ്മിക്കുന്നതിന് ഉപഭോക്താക്കളിൽ നിന്നും മുൻകൂറായി തുക സ്വരൂപിക്കണമെന്ന വ്യവസ്ഥയിലും ഇതുമൂലമുണ്ടാകുന്ന യാതൊരു സാമ്പത്തിക ബാധ്യതയും സർക്കാർ ഏറ്റെടുക്കുന്നതല്ലെന്നും ടി പദ്ധതി സമയബന്ധിതമായി നിലവിൽ നിശ്ചയിച്ചിട്ടുള്ള പ്രോജക്ട് കോസ്റ്റിൽ ചെലവ് നിയന്ത്രിച്ചുകൊണ്ട് പൂർത്തിയാക്കണമെന്ന വ്യവസ്ഥയിലും നടപ്പിലാക്കുന്നതിന് 29.02.2016-ലെ ജി.ഒ.(എം.എസ്) നമ്പർ.17/2016/എച്ച്.എസ്.ജി. പ്രകാരം പദ്ധതി അംഗീകരിച്ച് ഉത്തരവായിരുന്നുവെങ്കിലും ഫ്ലാറ്റുകൾക്ക് മതിയായ സ്വീകാര്യത ലഭ്യമാകാത്തതിനാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടില്ല. സർക്കാരിന്റെ പ്ലാൻ ഫണ്ട് വിനിയോഗിച്ചല്ല പദ്ധതി നടപ്പിലാക്കുന്നത്. ഉപഭോക്താക്കളിൽ നിന്നും മുൻകൂറായി തുക സ്വരൂപിച്ചാണ് പദ്ധതി നടപ്പിലാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളത്. 29.02.2016-ലെ ജി.ഒ.(എം.എസ്) നമ്പർ.17/2016/എച്ച്.എസ്.ജി. നമ്പർ സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ നിന്ന് സർക്കാർ പിന്മാറിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (ബി) | (എ) പിരിവിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് - ചങ്ങനാശ്ശേരി റസിഡൻഷ്യൽ അപ്പാർട്ട്മെന്റസ് പദ്ധതി (72 ഫ്ളാറ്റുകൾ) - ഉപഭോക്താക്കളിൽ നിന്നും മുൻകൂർ പണം വാങ്ങി പാരസ്പര്യ പദ്ധതിയായി നടപ്പിലാക്കുന്നതിനുള്ള പദ്ധതി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഭവന നിർമ്മാണ (എ) വകുപ്പ്

G.O.(Ms)No. 17/2016/HSG തീയതി, തിരുവനന്തപുരം,29/02/2016

---

പരാമർശം:- (1) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 07.04.2015 ലെ P2/109/2015/HB നമ്പർ കത്ത്.

(2) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ചീഫ് എഞ്ചിനീയറുടെ P2/109/2015/HB നമ്പർ പ്രോജക്ട് റിപ്പോർട്ട്.

**ഉത്തരവ്**

ഉപഭോക്താക്കളിൽ നിന്നും മുൻകൂർ പണം വാങ്ങി പാരസ്പര്യ പദ്ധതിയായി നടപ്പിലാക്കുന്ന ചങ്ങനാശ്ശേരി റസിഡൻഷ്യൽ അപ്പാർട്ട്മെന്റസ് (72 ഫ്ളാറ്റുകൾ) പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം നൽകണമെന്ന് പരാമർശം ഒന്നിലെ കത്തിലൂടെ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

02. സർക്കാർ പ്രസ്തുത അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരിയിൽ ബോർഡിന്റെ ഉടമസ്ഥതയിലുള്ള Site II പദ്ധതി പ്രദേശത്ത് 75 സെന്റ് സ്ഥലത്തിൽ ഉൾപ്പെട്ട 59.20 സെന്റ് (2395.66 ച.മീറ്റർ) വിസ്തീർണ്ണം വരുന്ന ഭൂമിയിൽ 14 നിലകൾ ഉള്ള 11112.56 ച.മീ. വിസ്തീർണമുള്ള 72 ഫ്ളാറ്റുകളടങ്ങുന്ന ഒരു റസിഡൻഷ്യൽ അപ്പാർട്ട്മെന്റസ് കെട്ടിടം പാരസ്പര്യ പദ്ധതിയായി നിർമ്മിക്കുന്നതിന് (പദ്ധതിച്ചെലവ് 40.34 കോടി രൂപ) ഉപഭോക്താക്കളിൽ നിന്നും മുൻകൂറായി തുക സ്വരൂപിക്കണമെന്ന വ്യവസ്ഥയിലും ഇതുമൂലമുണ്ടാകുന്ന യാതൊരു സാമ്പത്തിക ബാദ്ധ്യതയും

സർക്കാർ ഏറ്റെടുക്കുന്നതല്ലെന്നും ടി പദ്ധതി സമയബന്ധിതമായി നിലവിൽ നിശ്ചയിച്ചിട്ടുള്ള Project Cost - ൽ ചെലവ് നിയന്ത്രിച്ചുകൊണ്ട്, പൂർത്തിയാക്കണമെന്ന വ്യവസ്ഥയിലും പദ്ധ[illegible] അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**JAMES VARGHESE**
**PRINCIPAL SECRETARY**

സെക്രട്ടറി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള , തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം.

ധനകാര്യ (പി.യു.സി) വകുപ്പ് (Computer No. 101620 File No. PU-C3/89/2016-Fin. dated 02.02.2016).

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഭവന നിർമ്മാണ (ബി /സി) വകുപ്പ്

ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ